ജനയുഗം
JANAYUGOM

06 November 2025

# അമേരിക്കൻ തീരുവ: പ്രതിസന്ധി മറികടക്കാൻ മൂല്യവർധിത ഉല്പാദനത്തിന് ഊന്നൽ നൽകണം



സിഎംഎഫ്ആർഐയിൽ സംഘടിപ്പിച്ച വ്യവസായ സംഗമത്തിൽ സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ സംസാരിക്കുന്നു

കൊച്ചി: അമേരിക്ക അധിക തീരുവ ഏർപ്പെടുത്തിയതിനെ തുടർന്ന് ഇന്ത്യയുടെ സമുദ്രോല്പന്ന കയറ്റുമതി രംഗം കടുത്ത പ്രതിസന്ധിയിലാണെന്നും പരിഹാരമായി സമുദ്രോല്പന്ന മൂല്യവർധിത ഉല്പാദനത്തിന് ഊന്നൽ നൽകണമെന്നും വിദഗ്ധർ. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കുന്ന നാലാമത് ആഗോള മറൈൻ സിംപോസിയത്തിന്റെ ഭാഗമായി സംഘടിപ്പിച്ച വ്യവസായ സംഗമത്തിലാണ് നിർദേശം.

അമേരിക്ക ഇന്ത്യയുടെ ചെമ്മീൻ കയറ്റുമതിയുടെ ഏറ്റവും വലിയ വിപണിയായിരുന്നു. സമുദ്രോല്പന്ന കയറ്റുമതി രംഗം പിടിച്ചു നിർത്തുന്നതിന് വിപണി വൈവിധ്യവൽക്കരണത്തിനും ഉല്പന്നങ്ങൾക്ക് മൂല്യവർധന നൽകുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സംഗമം ആവശ്യപ്പെട്ടു. 2025 ഏപ്രിൽ-സെപ്റ്റംബർ മാസങ്ങളിൽ അമേരിക്കയിലേക്കുള്ള കയറ്റുമതിയിൽ ഏകദേശം 6% കുറവുണ്ടായി. എന്നാൽ, ഇതേ കാലയളവിൽ ചൈന, വിയറ്റ്നാം, തായ്‌ലാൻഡ് എന്നിവിടങ്ങളിലേക്കുള്ള കയറ്റുമതിയിൽ വളർച്ചയുണ്ടായിട്ടുണ്ട്. നിലവിൽ ഇന്ത്യയുടെ മൂല്യവർധിത കടൽവിഭവ കയറ്റുമതി 742 മില്യൺ യു എസ് ഡോളറാണ്. ഇത് ചൈന, തായ്‌ലാൻഡ്, വിയറ്റ്നാം, ഇക്വഡോർ, ഇന്തോനേഷ്യ തുടങ്ങിയ പ്രധാന എതിരാളികളേക്കാൾ വളരെ പിന്നിലാണെന്നും യോഗം വിലയിരുത്തി. ആഗോള വിപണിയിൽ മത്സരക്ഷമത വീണ്ടെടുക്കുന്നതിന് എക്സ്ക്ലൂസീവ് അക്വാകൾച്ചർ സോണുകൾ പ്രഖ്യാപിക്കാനും സ്വതന്ത്ര വ്യാപാര കരാറുകൾക്ക് വേഗത കൂട്ടാനും വ്യവസായ സംഗമം നിർദേശിച്ചു. മത്സ്യകർഷകർ, മത്സ്യത്തൊഴിലാളികൾ, കയറ്റുമതി, ചെമ്മീൻ ഉല്പാദനം, ഫിഷ് മീൽ, അക്വാ ഫീഡുകൾ, സാഹസിക കായിക വിനോദങ്ങൾ, തീരദേശ ഇക്കോടൂറിസം തുടങ്ങിയ മേഖലകളിലെ പ്രതിനിധികൾ സംഗമത്തിൽ പങ്കെടുത്തു.